**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

ഇ . എച്ച് 1/28887/2024/ ആ.വ .ഡ തീയതി-19-12-2024

## സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2025-ലെ പൊതു സ്ഥലംമാറ്റം - സ്പാർക്ക് അപ്ഡേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: - സ.ഉ.(പി)നമ്പർ.03/2017/ഉ.പ.ഭ.വ. തീയതി. 25.02.2017.

ആരോഗ്യ വകുപ്പിൽ 2025 -ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എല്ലാ സ്ഥാപന മേധാവികൾക്കും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1 . സ്പാർക്കിൽ ഓരോ സ്ഥാപനത്തിലും അനുവദിക്കപ്പെട്ട തസ്തികകൾ, നിലവിലുള്ളവരുടെ എണ്ണം, ഒഴിവുകൾ എന്നിവ കൃത്യമായി അപ്ഡേറ്റ് ചെയ്യുക. മുൻ വർഷങ്ങളിൽ അസിസ്റ്റന്റ് സർജൻ തസ്തികകയിൽ ഓരോ സ്ഥാപനത്തിലും അനുവദിക്കപ്പെട്ട തസ്തികകളേക്കാൾ കൂടുതൽ P E N നമ്പറുകൾ സ്പാർക്കിൽ നിലനിന്നിരുന്നു. പല സ്ഥാപനങ്ങളിലും തൽസ്ഥിതി ഇപ്പോഴും തുടരുന്നതായി കാണുന്നു. അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവർ, ശൂന്യവേതനാവധിയിൽ പ്രവേശിച്ചവർ, പഠനാവശ്യത്തിനായി അവധിയിൽ പ്രവേശിച്ചവർ തുടങ്ങി പല സാഹചര്യങ്ങളിൽ ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നവരുടെ വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി എൻട്രി ചെയ്യാത്തതിനാലാണ് ഇത്തരത്തിൽ അനുവദിക്കപ്പെട്ടതിലും കൂടുതൽ പേരുടെ PEN നമ്പറുകൾ സ്പാർക്കിൽ നിലനിൽക്കുന്നതെന്ന് കാണാൻ കഴിയും. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ് .

2. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അവരവരുടെ ജില്ലയിൽ സ്പാർക്ക് അപ്ഡേഷൻ നടത്തുന്നതിന് മേൽ നോട്ടം വഹിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെ

(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ) ചുമതലപ്പെടുത്തി അടിയന്തിരമായി ഉത്തരവാകേണ്ടതാണ്. ഇത്തരത്തിൽ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ **ehsectiondhs@gmail.com** എന്ന ഇ മെയിൽ വിലാസത്തിൽ ഈ ഓഫീസിൽ അന്നേ ദിവസം തന്നെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .

3. ജില്ലാ മെഡിക്കൽ ഓഫീസർമാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എല്ലാ സ്ഥാപന മേധാവികളും സ്പാർക്ക് അപ്ഡേഷൻ നടത്തിയിട്ടുണ്ടെന്നും എൻട്രി ചെയ്യാൻ കഴിയാത്ത സാങ്കേതിക വിഷയങ്ങൾ ഈ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .

4. **31/12/2024** -ന് മുൻപായി സ്പാർക്ക് അപ്ഡേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

5 . ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി നൽകുക, മറച്ച് വയ്ക്കുക, എൻട്രി ചെയ്യ്ുന്നതിൽ വീഴ്ച വരുത്തുക തുടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

Signed by
Reena K J
Date: 19-12-2024 06:39:17

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് : എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും

പകർപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്.സൈറ്റ്